പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2461 **27-10-2026-ൽ മറുപടിയ്ക്ക്**

ജനവാസ മേഖലയിലെ ബീവറേജ് ഔട്ട്ലെറ്റുകൾ മാറ്റാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സർക്കാർ ബീവറേജ് ഔട്ട്ലെറ്റുകൾ ജനവാസ മേഖലയിൽ പ്രവർത്തിക്കുമ്പോൾ പ്രദേശവാസികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: 03-06-2026 മുതൽ 22-10-2026 വരെ 30 പരാതികൾ ലഭ്യമായിട്ടുണ്ട്. ടി പരാതികൾ അന്വേഷിക്കാൻ അതത് ജില്ലയിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് നിർദേശം നല്കിയിട്ടുണ്ട്. പരാതികളുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത കേസുകളിലെ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ FL1-7052 വാഴക്കുളം ബെവ്കോ ഔട്ട് ലെറ്റും, കാക്കനാടുള്ള FL1-7040 ബെവ്കോ ഔട്ട് ലെറ്റും, മാറ്റി സ്ഥാപിക്കുകയും മലപ്പുറം ജില്ലയിൽ മഞ്ചേരിയിൽ സ്ഥിതി ചെയ്യുന്ന FL01-10010/26-27 ഔട്ട് ലെറ്റ് പുതിയ കെട്ടിടം കണ്ടെത്തുന്ന മുറയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

ഉപഭോക്താക്കൾക്ക് മദ്യം വേഗത്തിൽ വിതരണം ചെയ്യുന്നതിനായി ബെവ്കോ ചില്ലറ വിൽപ്പനശാലകളിൽ കൂടുതൽ കൗണ്ടറുകളും, സെൽഫ് ഹെൽപ്പ് പ്രീമിയം കൗണ്ടറുകളും പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ ഉപഭോക്താക്കളുടെ കാത്തിരിപ്പ് സമയം കുറയ്ക്കുന്നതിനൊപ്പം തിരക്ക് നിയന്ത്രിക്കുന്നതിനും ഗതാഗതക്കുരുക്കും പൊതുജനങ്ങൾക്കുണ്ടാകുന്ന മറ്റ് അസൗകര്യങ്ങളും പരമാവധി ഒഴിവാക്കുന്നതിനും സാധിക്കുന്നു. പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന അസൗകര്യങ്ങൾ തടയുന്നതിന്, ആവശ്യമായ സാഹചര്യങ്ങളിൽ പോലീസ് സഹായം തേടുന്നതിന് ഷോപ്പ്-ഇൻ-ചാർജിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ബി) പ്രസ്തുത ഔട്ട്ലെറ്റുകൾ ജനസാന്ദ്രതയുള്ള മേഖലയിൽ സ്ഥാപിക്കുമ്പോൾ എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

മറുപടി: ജനസാന്ദ്രതയുള്ള മേഖലയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുമ്പോൾ വിദേശമദ്യ ചട്ടങ്ങളിലെ, ചട്ടം 13 പ്രകാരമുള്ള ദൂരപരിധി നിബന്ധനകൾ പാലിച്ചിരിക്കണം. വിദ്യാഭ്യാസ സ്ഥാപനം, ക്ഷേത്രം, പള്ളി, മുസ്ലീം പള്ളി, ശ്മശാനം, പട്ടികജാതി/പട്ടികവർഗ്ഗ ഉന്നതികൾ എന്നിവയിൽ നിന്നും 200 മീറ്റർ പരിധിക്കുള്ളിൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കാൻ പാടില്ല എന്നീ കാര്യങ്ങൾ പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്. അബ്കാരി നിയമപ്രകാരമുള്ള മാനദണ്ഡങ്ങളും പാലിക്കുന്നുണ്ട്.

(സി) ബീവറേജസ് കോർപ്പറേഷന്റെ മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ കൂട്ടുമുച്ചി ബീവറേജ് ഔട്ട്ലെറ്റ് സ്ഥാപിക്കുമ്പോൾ പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. എല്ലാ ദൂരപരിധി മാനദണ്ഡങ്ങളും പാലിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ഔട്ട്ലെറ്റ് മാറ്റിസ്ഥാപിക്കണമെന്നുള്ള നിർദ്ദേശത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

മറുപടി: നിലവിൽ കൂട്ടുമുച്ചി ബെവ്കോ ഔട്ട് ലെറ്റ് പ്രവർത്തിക്കുന്നതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടോ ഗതാഗതതടസ്സങ്ങളോ ഒന്നുമില്ലെങ്കിലും ബിവറേജസ് കോർപ്പറേഷന് കൂടുതൽ സൗകര്യപ്രദവും അനുയോജ്യവുമായ മറ്റൊരു കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് ചില്ലറവില്പനശാല മാറ്റിസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ